വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, മൂക്കംപെട്ടിയിൽ നടക്കുന്നത് സെലക്ഷൻ ഫെല്ലിംഗ് ആണ് എന്നതിന്റെ അടിസ്ഥാനത്തിൽ ഞാൻ നേരത്തെ ഇതു സംബന്ധിച്ച് പറഞ്ഞിരുന്നു. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ഒരു ചെറിയ വ്യത്യാസമുണ്ട്. അവിടെ 200 ഏക്കർ സ്ഥലത്തു ഏതാണ്ട് 2013 മരങ്ങളാണ് വർക്കിംഗ് പ്ലാൻ അടിസ്ഥാനത്തിൽ മാർക്ക് ചെയ്തിട്ടുള്ളത്. അവിടെ നടക്കുന്ന മരംമുറിയിൽ ചില ക്രമക്കേടുകളും ഉണ്ട്. അതായത് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടുള്ള നടപടികളും ഉണ്ട് എന്ന് ആക്ഷേപിച്ചുകൊണ്ട് ഹൈക്കോടതിയിൽത്തന്നെ വനസംരക്ഷണസമിതിയുടെ ആൾക്കാർ പോവുകയുണ്ടായി. ഹൈക്കോടതി ഒരു കമ്മീഷനെവച്ച് ആ കമ്മീഷൻ സ്ഥലത്തു പോയി പരിശോധിച്ചു. ആ കമ്മീഷന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഹൈക്കോടതി പറഞ്ഞിട്ടുള്ളത് അവിടെ ക്രമരഹിതമായിട്ടുള്ള ഒന്നും നടക്കുന്നില്ല, അതുകൊണ്ട് മരംമുറി നിർത്തിവയ്ക്കേണ്ട കാര്യമില്ല എന്നാണ്. എന്നാൽ ചില ചോദ്യങ്ങളും ഹൈക്കോടതി ഉയർത്തിവിട്ടിട്ടുണ്ട്. അത് ഈ വർക്കിംഗ് പ്ലാൻ അനുസരിച്ചിട്ടുള്ളതു ശരിയായിട്ട് വനസംരക്ഷണനിയമത്തിന്റെ പരിധിയിൽപ്പെടുന്നതാണോ എന്നു തുടങ്ങിയ കാര്യങ്ങളാണ്. അതിനു കേന്ദ്രഗവൺമെന്റുമായിട്ട് ബന്ധപ്പെടണം എന്നാണ് പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർമാർ അവിടെ പോയി സന്ദർശിക്കുകയുണ്ടായി എന്നു പറഞ്ഞു. ഞാൻ നേരത്തെ പറഞ്ഞല്ലോ ഒരു ഹെക്ടറിൽ 10 മരമാണ് ഇപ്പോൾ മാർക്ക് ചെയ്തിട്ടുള്ളത് എന്ന്. അതനുസരിച്ചാണ് ഈ 2013 മരം മുറിക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ തൊട്ടടുത്ത ഒരു സ്ഥലമുണ്ട്. അത് കൃഷ്ണമെന്റു ഏരിയയിൽപെട്ടതുകൊണ്ട് അതിപ്പോൾ തൽക്കാലം ടെൻഡർ വിളിക്കുന്നില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. ഇത് ഒന്നുകൂടി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരുമായിട്ട് ആലോചിച്ചിട്ട് അവരുവച്ച കരാറിന് വിരുദ്ധമായിട്ട്, വർക്കിംഗ് പ്ലാനിൽ വച്ച നിർദ്ദേശത്തിന് വിരുദ്ധമായിട്ട് എന്തെങ്കിലും അവിടെ നടന്നിട്ടുണ്ടോയെന്ന് പരിശോധിപ്പിച്ച് ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീർച്ചയായിട്ടും നടപടികൾ സ്വീകരിക്കുന്നതാണ്.

(2) ശബരിമല തീർത്ഥാടകരിൽ നിന്നും കെ. എസ്. ആർ. റ്റി. സി. ബസുകളിൽ അമിതമായ ചാർജ്ജ് ഈടാക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, നാടിന്റെ നാനാഭാഗത്തുനിന്നും ലക്ഷക്കണക്കിന് തീർത്ഥാടകർ ഒത്തുകൂടുന്ന സർവ്വസാമുദായിക മൈത്രിയുടെ സങ്കേതമായ ശബരിമലയിൽ ഭക്തജനങ്ങളുടെ പ്രവാഹം ആരംഭിക്കുവാൻ ഇനി അധികദിവസങ്ങളില്ല. മണ്ഡലക്കാലം അയ്യപ്പഭക്തൻമാർക്ക് ആത്മീയാനുഭൂതി ലഭിക്കുന്ന പുണ്യകാലമാണെങ്കിൽ, കെ. എസ്. ആർ. ടി. സി. ക്ക് സാമ്പത്തിക നേട്ടങ്ങൾ വാരിക്കൂട്ടുവാനുള്ള ചാകരക്കാലമാണ്. കട്ടപ്പുറത്തിരിക്കുന്ന പഴഞ്ചൻ വണ്ടികളൊക്കെ എച്ചുകെട്ടി സ്പെഷ്യൽ ബോർഡു തൂക്കി റൂട്ടിലിറക്കി, യാത്രക്കാരെ പെരുവഴിയിലാക്കുന്നത് നിത്യസംഭവമാണ്. അൻപതുപേർക്ക് യാത്രചെയ്യാവുന്ന ബസുകളിൽ 150 പേരെവരെ കുത്തിക്കയറ്റും. തെരക്കിൽ നിന്ന് ഒഴിവാകാനുള്ള വ്യഗ്രതയിൽ കിട്ടിയ ബസ്സുകളിൽ ചോദിച്ച കാശുകൊടുത്ത് കയറേണ്ടിവരുന്ന ഗതികേടാണ്. തീർത്ഥാടകരുടെ തെരക്കിനെ യാതൊരു നിയന്ത്രണവുമില്ലാതെ ചൂഷണം ചെയ്യുന്ന കെ. എസ്. ആർ. ടി. സി. ലാഭക്കൊതിയൻമാരായ സഹകാര്യകച്ചവടക്കാരെ പോലെ പെരുമാറുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

മലയാറ്റൂരിലും മരാമണ്ണിലും ബീമാപള്ളിയിലും ബാധകമാകാത്ത ബസ് ചാർജ് വർദ്ധനവ് ശബരിമല ഉൽസവക്കാലത്ത് അയ്യപ്പകേ്തൻമാരിൽ നിന്നുമാത്രം ഈടാക്കുന്നത് അന്യായമാണ്, അനീതിയാണ്, അധാർമ്മികമാണ്, നഗ്നമായ വിവേചനമാണ്. ഈ തീർത്ഥാടകർക്ക് ബ്രിട്ടീഷ് ഭരണകാലത്തുപോലും പ്രത്യേക പരിഗണനയും സൗജന്യങ്ങളും ആനുകൂല്യങ്ങളുമൊക്കെ നൽകിയിരുന്നു. കെ. എസ്. ആർ. ടി. സി. ശബരിമല തീർത്ഥാടകരോട് നീതി കാണിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടിട്ടും, യാതൊരു ഫലവുമുണ്ടായിട്ടില്ല. അയ്യപ്പകേ്തനായ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയെങ്കിലും ഇക്കാര്യത്തിൽ നീതി പുലർത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ പി. കെ. വേലായുധൻ) : സർ, 12-1-1985-ലാണ് നമ്മുടെ സംസ്ഥാനത്ത് ബസ് ചാർജ് വർദ്ധനവിന്റെ നോട്ടിഫിക്കേഷൻ ഉണ്ടായത്. ആ നോട്ടിഫിക്കേഷൻ അനുസരിച്ച്, ഹിൽട്രാക്കിൽ ബസ് പോകുമ്പോൾ സാധാരണ ചാർജ് കൂടാതെ 25 ശതമാനം ചാർജ് കൂടെ ഈടാക്കാമെന്ന വ്യവസ്ഥയുണ്ട്. അതുകൂടാതെ ഫെസ്റ്റിവൽ സമയങ്ങളിൽ ഹിൽട്രാക്ക് ഫെയർകൂടി ചേർത്തുകൊണ്ട് ആക്ച്വൽഫെയറിന്റെ 25 ശതമാനം കൂടി ഈടാക്കാമെന്ന് നോട്ടിഫിക്കേഷനിലുള്ളതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞവർഷം ചാർജ് ഈടാക്കിയത്, ഒരു കൊള്ളലാഭത്തിന്റെ ലക്ഷ്യത്തോടുകൂടി കെ. എസ്. ആർ. റ്റി. സി. അങ്ങനെ ചെയ്തുവെന്ന് ഞാൻ പറയുന്നില്ല. തിരുവനന്തപുരം-പമ്പ ബസ് ചാർജ് കഴിഞ്ഞ വർഷം ഇരുപത്തിയേഴു രൂപയായിരുന്നു. കോട്ടയം-പമ്പ ഇരുപത്തിയൊന്നു രൂപ, എറണാകുളം-പമ്പ മുപ്പത്തുരൂപ, തൃശ്ശൂർ-പമ്പ മുപ്പത്തിയേഴു രൂപ, ഗുരുവായൂർ-പമ്പ 42 രൂപ എന്നീ നിരക്കിലാണ് ഈടാക്കിയത്. ഇതൊരുവലിയ ലിസ്റ്റാണ് ഇത് മുഴുവൻ ഞാൻ വായിക്കുന്നില്ല. 25 ശതമാനംകൂടി കൂട്ടിവാങ്ങുന്നതുകൊണ്ടാണ് ഇത്രയും തുക വന്നത്. 1985-ൽ ഏതാണ്ട് പതിനാലു ലക്ഷം തീർത്ഥാടകർ കെ.എസ്.ആർ.ടി.സി. യെ ആശ്രയിക്കുകയും നമുക്ക് ഏതാണ്ട് നൂറ്റി അറുപത്തിരണ്ടു ലക്ഷത്തോളം രൂപയുടെ വരുമാനമുണ്ടാവുകയും ചെയ്തിട്ടുണ്ട്. കെ. എസ്. ആർ. ടി. സി.യെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായ പരാധീനതയുണ്ട്. കൂടുതൽ വരുമാനമുണ്ടാകുന്നത് കെ.എസ്.ആർ.ടി.സി.ക്ക് പ്രയോജനകരവുമാണ്, വിവിധ കോണുകളിൽ നിന്നുമുള്ള അയ്യപ്പകേ്തന്മാരുടെ അഭ്യർത്ഥനകളും ബഹുമാനപ്പെട്ട മെമ്പറുടെ ഈ സബ്മിഷനിൽക്കൂടിയുള്ള ആവശ്യങ്ങളുമെല്ലാം കണക്കിലെടുത്തുകൊണ്ട്, ഈ സീസണിലും മണ്ഡലപ്പുജക്കാലത്തും മകരവിളക്കു കാലത്തും ശബരിമലയിൽ എത്തുന്ന കേ്തൻമാർ ഏതാണ്ട് 15 ലക്ഷത്തിലധികം വരുമെന്നാണ് കണക്കാക്കുന്നത്. 25 ശതമാനം ഫെസ്റ്റിവൽ ഫെയർ ഈടാക്കുന്നത് ചുരുക്കി 10 ശതമാനമാക്കാൻ ഗവൺമെന്റ് കെ. എസ്. ആർ. ടി. സി. ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ—പമ്പ ബസ്സിലെ നിരക്ക് 42 രൂപയിൽനിന്നും 37 രൂപയായും, തൃശ്ശൂർ—പമ്പ 37 രൂപയിൽനിന്നും 33 രൂപയായും, എറണാകുളം—പമ്പ 30 രൂപയിൽനിന്നും 27 രൂപയായും, തിരുവനന്തപുരം—പമ്പ 27 രൂപയിൽ നിന്നും 24 രൂപയായും, കോട്ടയം—പമ്പ 21 രൂപയിൽനിന്നും 19 രൂപയായും കുറച്ചിട്ടുണ്ട്. ഇങ്ങനെ വിവിധ സ്റ്റേഷനുകളിൽ നിന്നും പുറപ്പെടുന്ന ബസ്സിലെ ചാർജ് തിനനുസരണമായി കുറയ്ക്കുന്നതാണ്. ഇതുകൊണ്ട് ഏതാണ്ട് പതിനഞ്ചു ലക്ഷത്തോളം കേ്തജനങ്ങൾക്ക് പ്രയോജനകരമാകും എന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly